

# സ മ ന്വ യം

## LITTLE KITES
## GHSS KALLACHI



***Article 51(h)of the Indian Constitution states:"It shall be the duty of every citizen of India to develop the scientific temper ,humanism and the spirit of inquiry and reform"***

***I have great pleasure to know that the students of " LITTLE KITE"S bring out a digital magazine on "SAMANWAYAM" for the year 2024-2025.I congratulate all the contributions of the Editorial Board for the sincere effort in making the magazine .I wish all success.***

**MAHESH T**
**HEADMASTER**

**EDITOR**

**KARTHIK.P.V**



## EDITORIAL BOARD

**AMAN B BALAN**

**VINAYAK MC**

**DEVANAND .M**

**GAUTHAM.S.N**

**KARTHIK KRISHNA P.S**

# എഡിറ്റോറിയൽ

വിവര സാങ്കേതിക വിദ്യ അതിന്റെ പരകോടിയിൽ എത്തി നിൽക്കുന്ന സാഹചര്യത്തിൽ സ്കൂൾ വിദ്യാഭ്യാസവും പ്രവർത്തനങ്ങളും അതിനനുസരിച്ച് മാറുന്നു.വിദ്യാഭ്യാസം ഹൈടെക്ക് ആകുന്ന കാലഘട്ടത്തിൽ അതിനനുബന്ധമായ പ്രവർത്തനങ്ങൾ കുട്ടികളുടെ മികവിനും കാരണമാകുന്നു.ഈ വിധത്തിൽ ലിറ്റിൽ കൈറ്റ്സിലൂടെ കുട്ടികളുടെ സർഗ്ഗ കഴിവിനെ ഡിജിറ്റലായി അവതരിപ്പിക്കുകയാണ്.

ഒരു കൂട്ടം വിദ്യാർത്ഥികളുടെ സർഗ്ഗാത്മക സൃഷ്ടികൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ”സമന്വയം”എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി അവതരിപ്പിക്കുന്നു.ഈ മാഗസിൻ നിർമ്മാണത്തിന് സഹായിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

# QUANTUM CHIP - AN UNDERRATED TECHNOLOGY

*Google recently invited a chip which utilizes quantum technology to process data. It can even be considered as the greatest technology or even better the greatest invention of this century. But not every every one is aware of this invention,that is why I decided to write this hoping to make even a little amount of people aware of this.*

*Google worked secretly to create this fascinating invention, By this humanity is getting closer to utilising quantum technology. And to answer the question what is very important about it is that a problem which takes 10000000000000000000000 years for the fastest super computer to solve will only take 5 minutes for this chip. Yes, this could be the tech revolution of this century but it is not getting the recognition it deserves.*

*This chip can be very useful in the future as we are sure that there would be complex technology which would need this chip to process very very large amount of data.*

# വിദ്യാലയം



അറിവിൻറെ ജാലകങ്ങൾ
തുറക്കാനായി
ഞാനെൻ കൂട്ടുകാരുമായി
ഓടി കളിച്ച തിരുമുറ്റം
അക്ഷര വൃക്ഷത്തിൻ
ചില്ലകളിൽ
ഒരായിരം കിളികളായി
പറക്കുവാൻ വീണ്ടും
ആശയേറെയായ്
ഒന്നിച്ച് പഠിച്ചിടും ക്ലാസ് മുറികളിൽ
ചിന്തിച്ചു ഏകയായ് ഞാൻ നടക്കവേ
ഓർമ്മകളിൽ മിന്നി തെളിഞ്ഞ മുഖങ്ങളിൽ
കണ്ടു ഞാനെൽ പ്രിയ
ഗുരുക്കന്മാരെയും
തുളുമ്പുമെൻ കണ്ണീർ കണങ്ങൾ
തുടച്ചു ഞാൻ
വേദനയോടെ പിൻതിരിഞ്ഞൊന്നു
നോക്കിയപ്പോൾ
കണ്ടു ഞാൻ പുഞ്ചിരിക്കുന്ന
കിനാവിലെ കൂട്ടുകാരെയും
ഇനിയുമൊരു ജന്മമുണ്ടെങ്കിൽ ഞാൻ
കാത്തിരിക്കുന്നു
തിരികെ എത്തുമെൻ
കലാലയ ജീവിതത്തെ



# സൗഹൃദം

മറ്റൊരാളുടെ പ്രശ്നം കണ്ടെത്തി അവരെ സഹായിക്കുക എന്നത് വളരെ വലിയ ഒരു കാര്യമാണ്. മറ്റുള്ളവരുടെ സന്തോഷത്തിലും, സങ്കടത്തിലും പങ്കു ചേരാനും എല്ലാവർക്കും കഴിയില്ല. എന്തെങ്കിലും തിരിച്ചു ലഭിക്കും എന്ന പ്രതീക്ഷയോടെ അല്ല അവർ അത് ചെയ്യുന്നത്. അങ്ങനെ ഒരു കുട്ടിയാണ് 'ഹിരൺമയി'

അവൾ ഒന്നിലും  വേർതിരിവ് കാണിച്ചിരുന്നില്ല. നടക്കാവ് സ്ക്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയാണ് അവൾ. വളരെ മിടുക്കിയായ കുട്ടിയാണ് ഹിരൺമയി. അവളുടെ ചങ്ങാതിയായിരുന്ന ആതിര. അവളും നല്ല മിടുക്കിയായ കുട്ടിയായിരുന്നു. ഹിരൺമയി എല്ലാ കാര്യങ്ങളും ആതിരയോട് പറഞ്ഞിരുന്നു. എന്നാൽ ആതിര എല്ലാം പറഞ്ഞിരുന്നില്ല. ഒരു ദിവസം സ്കൂൾ ഫീസ് അടക്കാത്തതിന്റെ പേരിൽ ടീച്ചർ അവളെ ക്ലാസിന് പുറത്ത് നിൽപ്പിച്ചു. പല ദിവസവും അവൾ ഭക്ഷണം കൊണ്ടു വരാറില്ലായിരുന്നു. ഈ കാര്യങ്ങളെല്ലാം ഹിരൺമയി അവളുടെ അമ്മയോടു പറഞ്ഞു. കൂടെ നാളെ അവളെ വീട്ടിൽ പോവാം എന്ന കാര്യവും അവൾ സൂചിപ്പിച്ചു.അമ്മ സമ്മതിച്ചു.അവൾക്ക് ഒരുപാട് സന്തോഷമായി. പിറ്റേന്ന് രാവിലെ അവൾ ഇറങ്ങി. അവിടെ ചെന്നെത്തിയപ്പോൾ അവരുടെ അവസ്ഥ വളരെ ദയനീകമായിരുന്നു. ഹിരൺമയി ചോദിച്ചു: ആതിര എന്താ നിന്റെ വീടിന് പറ്റിയത്. അവൾ  പറഞ്ഞു കഴിഞ്ഞ മഴക്കാലത്ത് ഒലിച്ചുപ്പോയതാണ് വീട്  അച്ഛൻ മരിച്ചിട്ട് 4 വർഷവുമായി. അമ്മ വീട്ട് ജോലി ചെയ്ത് കിട്ടുന്ന പൈസകൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നത് ഒരുപാട് കടങ്ങൾ ബാക്കി വച്ചാണ് അച്ഛൻ പോയത്.ഇത് ഒക്കെ കേട്ടപ്പോൾ അവൾക്ക് വളരെ വിശമമായി. വീട്ടിൽ വന്നപ്പോ അച്ഛൻ ആതിരയുടെ 3 മാസത്തെ സ്കൂൾ ഫീസ് ടീച്ചർക്ക് നൽകാനായി ഹിരൺമയിയുടെ കൈയ്യിൽ കൊടുത്തു. അവൾ അമ്മയോട് തന്റെ സുഹൃത്തിനെ അവളുടെ വീട്ടിൽ കൊണ്ടു വരാം എന്ന് പറഞ്ഞു. അപ്പോൾ അമ്മ ഒന്നും പറഞ്ഞില്ല. രണ്ട് ദിവസം കഴിഞ്ഞാൽ അവളുടെ പിറന്നാളാണ്. ആ ദിവസം അവൾക്ക് സർപ്രൈസായി അച്ഛനും അമ്മയും കൂടി അവരെ രണ്ടു പേരെയും വീട്ടിലേക്ക് കൊണ്ടു വന്നു. അവൾക്ക് ഒരുപാട് സന്തോഷമായി. നമ്മൾ കാരണം ആരെങ്കിലും സന്തോഷിക്കുന്നുണ്ടെങ്കിൽ വളരെ നല്ലതാണ്. ദാഹിക്കുന്ന ഒരാൾക്ക് കുറച്ച് ജലം എങ്കിലും കൊടുക്കാൻ ശ്രമിക്കുക

**KRISHNA PRIYA  KP**
8D

# ബാ
# ല്യ
# കാ
# ലം



ഓർക്കുകയാണെന്റെ  ബാല്യകാലം
ഓർമ്മ വരുന്നുവെൻ ബാല്യകാലം

എൻ അമ്മ താരാട്ടു പാട്ടു പാടി തന്ന
എന്റെ മനസ്സിലെ ബ്യല്യാകാലം
മുത്തശ്ശി കഥകൾ പറഞ്ഞ കാലം
മഴയിൽ നനഞ്ഞ് കുളിച്ച കാലം
മണ്ണിൽ അപ്പം ചുട്ട് കളിച്ച കാലം
ഡോക്ടറും രോഗിയും കളിച്ചക്കാലം
അമ്മയും മക്കളും കളിച്ചക്കാലം
കൂട്ടുകരായി പിണങ്ങിയ കാലം
അടിപിടി കൂടിയ കാലമാണെന്റെ മനസ്സിലെ
ബാല്യകാലം



# Life of a coconut

ചെറിയ
വെളിച്ചിലായിരുന്ന കാലത്ത്
താഴേക്ക് നോക്കുമ്പോൾ
എനിക്ക് തലച്ചുറ്റമായിരുന്നു.
വെലുതാകും തോറും ഇത് മാറി മാറി വന്നു.
അങ്ങനെ ഞാൻ ഒരു ഇളനീർ ആയി.
ഒരു ദിവസം ഒരുത്തൻ
എന്റെ അമ്മയുടെ(തെങ്ങ്) ചുറ്റിലും
നിന്ന
എന്റെ കുറെ ചേട്ടൻമാരെയും
ചേച്ചിമാരെയും
വെട്ടിക്കളഞ്ഞു.
അവനോട് എനിക്ക് നല്ല ദേഷ്യം
തോന്നി.
അവൻ എന്നെ വെട്ടിയില്ല.
പിന്നെയും ഞാൻ വലുതായി
ഒരു തേങ്ങയായി.
ഒരു ദിവസം ഞാൻ കണ്ണു തുറക്കുമ്പോൾ
ഞാൻ താഴേക്ക് വീഴുകയായിരുന്നു.
ഞാൻ തലകുത്തി വീണു.
പിന്നെ
ഞാൻ കാണുന്നത് ഒരുത്തൻ എനിക്ക്
നേരെ
കമ്പിപ്പാരയുമായി വരുന്നതായിരുന്നു.
പിന്നെയാണ് എനിക്ക് മനസ്സിലായത്
അവൻ എന്റെ
കാലനായിരുന്നുവെന്ന്.
അങ്ങനെ എന്റെ ജീവിതം അവിടെ
അവസാനിച്ചു.

# ഭയം

നെഞ്ചു മിടിക്കുന്നു പട പടാ
മുട്ടുമിടിക്കുന്നു കിടു കിടാ
കൂട്ടിനാരുമില്ല  അയ്യോ അയ്യോ
ദൈവമേ നീ ഇന്ന് എവിടെയാ?
കത്തുന്നു നെഞ്ചിനകം തീ പോലെ
വിയർക്കുന്നു ദേഹമാകെ പുഴ പോലെ
കാണാത്ത കാഴ്ചകൾ കണ്ണിനുള്ളിൽ
നിഴലിക്കുന്നു ഭയത്തിൻ മുഖംമൂടികൾ

shahabaz
8B

# കാട്ടിലെ തട്ടുകട



പണ്ട് പണ്ട് ഒരു വലിയ കാട്ടിൽ ഉറ്റ ചങ്ങാതികളായ ഒരു കരടികുട്ടനും കുരങ്ങച്ചനുമുണ്ടായിരുന്നു അവർ രണ്ടു പേരും കൂടി ചേർന്ന് കാട്ടിൽ എല്ലാവർക്കും സഹായമാകാൻ തീരുമാനിച്ചു .അതിനു വേണ്ടി കാട്ടിനുള്ളിൽ അവരൊരു തട്ടുകട തുടങ്ങി. തട്ടുകട നല്ല രീതിയിൽ മുന്നോട്ടു പോയതിനാലും കാട്ടിലെ മൃഗങ്ങൾക്ക് അത് സഹായകമായതിനാലും എല്ലാ മൃഗങ്ങളും കൂടി അവരെ അഭിനന്ദിക്കാനുള്ള തീരുമാനം വന്നു. തട്ടുകടയിലെ ജോലികൾ കൂടിയതോടെ രണ്ടുപേരിലും മടിയുടെ ഉണർവ് വന്നു തുടങ്ങി അഭിനന്ദനം കിട്ടിയ തോടു കൂടി കാട്ടിലെ ഒരു നല്ല തട്ടുകടയായി മാറിയിരുന്നു. ഇവരുടെ ഈ തട്ടുകട കച്ചവടം നല്ല തിരക്കേറിയതോടെ ഇവർക്ക് രണ്ടു പേർക്കും മടി നല്ലവണ്ണം തോന്നി തുടങ്ങി .ഒരു ദിവസം ഇവർ കുറച്ച് അധികം കപ്പ ബിരിയാണി ഉണ്ടാക്കി. അത് മറ്റുള്ളവർക്ക് പകർന്ന് നൽകിയപ്പോൾ അവർക്കൊക്കെ ഏറെ അധികമിഷ്ട്മായി ,അങ്ങനെ അവരുടെ തട്ടുകടയിലെ ഒരു പ്രധാന ഭക്ഷണമായി മാറി ആ കപ്പ ബിരിയാണി .വരുന്നവരൊക്കെ ചോദിച്ച് തുടങ്ങിയതും എല്ലാം കൊണ്ടും അത് ഏറെ പ്രസിദ്ധമായി. കരടിയും കുരങ്ങനും ഇതിൽ കള്ളത്തരം കാണിക്കാൻ തുടങ്ങി. തലേ ദിവസത്തെ ബാക്കിയായ ഭക്ഷണം കൊടുത്തു തുടങ്ങി .ലാഭമാക്കാനുള്ള ശ്രമം തുടങ്ങി, ഇങ്ങനെ തലേ ദിവസത്തെ പഴകിയ ഭക്ഷണം കഴിച്ച് അസുഖത്തിലായ മൃഗങ്ങൾക്ക് കാര്യം മനസ്സിലായപ്പോൾ കാട്ടിലെ തട്ടുകട എല്ലാവരും കൂടി അടച്ചു പൂട്ടി. അവസാനം കുരങ്ങനും കരടിയും കൂടി മൃഗങ്ങളോട് മാപ്പ് പറഞ്ഞ് പഴയ ജീവിതത്തിലേക്ക് പോയി...

# പ്രകൃതി



മനസ്സിന്റെ മായാത്ത
കോണിലെവിടെയോ
പതിഞ്ഞൊരാ കാഴ്ച
ഇന്നുമെന്റെ നിദ്രയിൽ
ഓടിയെത്തുന്നു.
ഞാൻ കാണാൻ കൊതിച്ച
നിന്മുഖം
എന്നിലേക്കെത്തിയത്
ഇന്നുമൊരു
ദു:സ്വപ്നമായ് ഞാനോർക്കുന്നു.
ഇരുകരങ്ങളാൽ ഞാൻ
വരവേൽക്കാൻ
കൊതിച്ച നീ , നീയായിരുന്നില്ല.
കത്തിജ്വലിച്ചുകൊണ്ട്
കാർമേഘത്തെ
പോലെ കറുത്തിരുണ്ട് നീയെന്നെ
നോക്കി .
പച്ചപ്പിന്റെ നറുപുഞ്ചിരിയില്ലാത്ത
നിന്റെ
ആ നോട്ടം ഇന്നുമെന്നെ
വേട്ടയാടുന്നു.

niyavarna
8E

# പേമാരി



പുലരിയോളം കാത്തിരുന്നു
പുത്തു മഴയൊന്നു കിട്ടാൻ
ഒടുവിലായി മാരി പെയ്തു
ഇടതടവില്ലാതെ പേമാരിയായ്
പുഴ കവിഞ്ഞു പുര നിറഞ്ഞു
മലയും പുഴയുമൊന്നായി
ഇടയിലായുള്ളോരോ ജീവിതം
ശിഥില കിനാക്കളായി മാറി...
മുറ്റത്തുള്ളോരോ തേൻമാവ്.
കട പൊഴകി തൊടി കടന്ന്.
അകലെയായി... കടലിലായി...
ഹൃദയങ്ങൾ കനിവു തേടുന്നു.
അകലെയായ് മഴ മേഘപ്പാളി
അടർന്നടർന്ന് ശമിക്കാതെ...
അരുതേയരുതേ പകയരുതേ
അഴലകറ്റി കനിവേകണേ...

# MICHAEL JACKSON

Michael Joseph jackson was born on 29 August 1958. Michael Jackson was an american singer songwriter, dance, and philanthropist. Dubbed the 'king of pop'. He is regarded as one of the most significant cultural figures of the 20th century over a few decade career his contributions to music, dance and fashion along with his publicized personal life made him a global figure in popular culture. Jackson influenced artists across many music genres through stage performance he popularized complicated dance moves such as the moonwalk, to which he gave the name, as well as the robot. He is the most awarded individual music artist in history. The eighth child of the jackson family. Jackson made his professional debut in 1964 with his older brother Jackie, Tito, Jermaine and morion as a member of the Jackson's. Jackson began his solo career in 1971 while at motown records. He became a solo star with his 1879 album off the wall. His music videos including those for beat it Billie Jean and thriller from his 1982 album thriller are credited with breaking racial barriers and transforming the medium into an artform and promotional tool. He helped propel the success of MTV and continued to be innovative with videos for the albums Bad Dangerous and History, Past, present and Future book. Jackson is one of the best selling music artists of all time with estimated sales of over 400 million worldwide. He had 13 Billboard hot loo numbers - one singles and was the first artist to have a top- ten in Billboard Hot 100 in five



different decades. She is regarded by the RIAA as the highest selling individual music artist of all time worldwide. He honors 15, Grammy Awards, G Brit Awards, a Golden Globe award and 39 Guinness World Record including the most successful Entertainer of All time

Diya. A. K 9E

# എം ടി വാസുദേവൻ നായർ



നോവലിസ്റ്റ് തിരകഥാകൃത്ത് ചലച്ചിത്ര സംവിധായകൻ സാഹിത്യകാരൻ ,നാടകകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായ മലയാളിയാണ് എം ടി വാസുദേവൻ നായർ. മാടത്ത് തെക്കേപ്പാട്ട് വാസുദേവൻ നായർ എന്നതാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര് .എം ടി എന്ന ചുരുക്കപ്പേരിലും അദ്ദേഹം അറിയപ്പെടുന്നു. പാലക്കാട് ജില്ലയിൽ പൊന്നാനി താലൂക്കിലെ കൂടല്ലൂർ എന്ന ഗ്രാമത്തിൽ 1933 ജൂലൈ 15 നാണ് ജനിച്ചത്. പുന്നയൂർക്കുളം ടി നാരായണൻ നായർ,അമ്മാളു അമ്മ എന്നിവരായിരുന്നു മാതാപിതാക്കൾ. കൂടല്ലൂരിൽ അന്നുണ്ടായിരുന്ന കുടിപ്പള്ളിക്കൂടത്തിൽ നിന്നും പഠനം ആരംഭിച്ച എം ടി രസതന്ത്രത്തിൽ ബിരുദം നേടി. സ്കൂളിൽ പഠിക്കുന്ന കാലത്ത് ലേഖനങ്ങളിലും,കവിത രചനയിലുമൊക്കെയായിരിന്നു അദ്ദേഹത്തിന് കമ്പം. 1954 മുതൽ അധ്യാപകനായും,ഗ്രാമസേവകനായിയും ഒക്കെ ജോലി നോക്കിയ എം ടി 1957 മുതൽ മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ സഹപത്രാധിപരായി 1991 വരെ പ്രവർത്തിച്ചു

കേരള സാഹിത്യ അക്കാദമി പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.പഠനം യാത്രാവിവരണം,ബാലസാഹിത്യം ഉപന്യാസം നാടകം, തിരക്കഥ സംവിധാനം,എന്നിങ്ങനെ ഒട്ടേറെ മേഖലകളിൽ കഴിവ് തെളിയിച്ച വ്യക്തിയാണ് അദ്ദേഹം. കോളേജിൽ ബിരുദത്തിനു പഠിക്കുമ്പോൾ പുറത്തിറങ്ങിയ "രക്തം പുരണ്ട മൺതരികൾ" ആ ണ് ആദ്യത്തെ കഥാസമാഹാരം. ആദ്യമായി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ നോവലാണ് ' നാലുകെട്ട് ' 1963 ൽ സ്വന്തം കഥയായ 'മുറപ്പെണ്ണ്' തിരക്കഥയെഴുതി എം ടി ചലചിത്രലോകത്തു പ്രവേശിച്ചു .1973 ൽ ആദ്യമായി സംവിധാനം ചെയ്ത് നിർമ്മിച്ച ചിത്രമാണ് നിർമാല്യം. കാലം,രണ്ടാമൂഴം, വാനപ്രസ്ഥം, കുട്ട്യേടത്തി, നിന്റെ ഓർമ്മയ്ക്ക് തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളിൽ ചിലതാണ് മലയാള സാഹിത്യത്തിലും ചലച്ചിത്രരംഗത്തും വ്യക്തി മുദ്ര പതിപ്പിച്ച എം ടി ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ്,കേന്ദ്ര സാഹിത്യ അക്കാദമി,വയലാർ അവാർഡ്,ഓടക്കുഴൽ അവാർഡ് തുടങ്ങിയ പുരസ്കരങ്ങൾ ലഭിച്ചിട്ടുണ്ട് 1995 ലെ ജ്ഞാനപീഠം പുരസ്കാരം ലഭിച്ച അദേഹത്തിന് 1996 ൽ കാലിക്കറ്റ് സർവ്വകലാശാല ഡി ലിറ്റ് ബിരുദം നൽകിയും,2005 ൽ ഭാരതസർക്കാർ പത്മഭൂഷൺ നൽകിയും ആദരിച്ചു

# യാത്രാ വിവരണം

എന്റെ ചെറുപ്പകാലത്ത് ഞാൻ ഏറ്റവും കൂടുതൽ പോകാൻ ആഗ്രഹിച്ച സ്ഥലം കർണാടക. എന്റെ അച്ഛന്റെ മാമിയുടെ വീട് കൂടാതെ എന്റെ ആപ്പിയുടെയും വീടും അവിടെയാണ്. ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അവസാനമായി ഞാൻ അവിടെ പോയത്. ഇത്രയും വർഷം കഴിഞ്ഞെങ്കിലും അവിടുത്തെ ഓർമ്മകൾ ഇപ്പോഴും എന്റെ മനസ്സിൽ ഉണ്ട് അതിനു കാരണം അവിടത്തെ സുന്ദരമായ കാഴ്ചകൾ ആയിരിക്കാം. ഒന്നരമണിക്കൂർ ട്രെയിൻ യാത്ര എന്നാലേ അവിടെയെത്തൂ. കർണാടകയിലെ ധാർവാഡ്- ഹബ്ബി എന്ന സ്ഥലത്താണ് അവരുടെ വീട്. സുന്ദരവും സമാധാനവും നിറഞ്ഞ പരിസരം. നിറയെ നെൽപ്പാടങ്ങൾ,പൂന്തോട്ടങ്ങൾ, തെങ്ങിൻതോപ്പുകൾ, കന്നുകാലികൾ അങ്ങനെ വളരെ സുന്ദരമാണ് അവിടെ. വീടുകളിൽ പശുക്കളെ വളർത്തുന്നു. കാരണം അവർ ഗോമാതാവിനെ ആരാധിക്കുന്നു എന്നതാണ്. വീടിനകത്താണ് പശുവിന്റെ ആല. നമ്മുടെ കേരളത്തേക്കാൾ എത്രയോ വ്യത്യസ്തമായ പ്രകൃതി. വ്യത്യസ്തമായ ഭക്ഷണരീതി, വസ്ത്രരീതി അങ്ങനെ പലതും വ്യത്യസ്തമായിരുന്നു. ചെറിയ ചെറിയ കുറെ വീടുകൾ വലിയ അങ്ങാടികൾ രുചികരമായ ഭക്ഷണരീതി. എനിക്ക് അവിടെയുള്ള ഭക്ഷണരീതി വളരെ ഇഷ്ടമാണ്. അതിലുപരി അവിടുത്തെ ഭാഷ കന്നഡ മനസ്സിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പക്ഷേ അവരെ മലയാളം പഠിപ്പിക്കാൻ എനിക്ക് കഴിഞ്ഞു ഇതിനിടയിൽ ഇതുവരെ ഞാൻ അവിടെ പോയിട്ടുണ്ടായിരുന്നില്ല. അതിന്റെ വിഷമം ഉണ്ട്. അവിടുത്തെ ആൾക്കാർക്ക് ഞങ്ങളെയും ഞങ്ങൾക്ക് അവരെയും ഒരുപാട് ഇഷ്ടമാണ്. രാവിലെ മുറ്റത്ത് കളം വരയ്ക്കുമ്പോൾ ഞാൻ അവരെ സഹായിച്ചു. ഇനി എപ്പോഴാണ് അവിടെ പോകുന്നത് എന്നെനിക്ക് അറിയില്ല. വീട്ടിലേക്ക് തിരിച്ചു വരുന്ന വഴി മുരുഡേശ്വർ എന്ന ശിവക്ഷേത്രവും സന്ദർശിച്ചു. എന്റെ കണ്ണുകളെ എനിക്ക് തന്നെ വിശ്വസിക്കാൻ പറ്റാത്ത തരത്തിൽ അതിമനോഹരമായ ശില്പ വിദ്യയും ആണ് ഞാൻ അവിടെ കണ്ടത്.ഇപ്പോഴും എനിക്ക് അത് മറക്കാൻ കഴിഞ്ഞിട്ടില്ല.

# റാം c/o ആനന്ദി

അഖിൽ പി

ധർമജൻ എഴുതിയ ഒരു അതിമനോഹരമായ പുസ്തകമാണ് 'റാം c/o ആനന്ദി'. റാം, പാട്ടി,വെട്രി, രേഷ്മ എന്നിവരാണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ. ഒരു ഫിലിം സ്കൂളിൽ പഠിക്കാൻ എത്തുന്ന ഒരു യുവ മലയാളി ചെന്നൈയിലാണ് മേൽ പറഞ്ഞ ഫിലിം സ്കൂൾ. തന്റെ ജീവിതത്തിലെ പുതിയ ചങ്ങാതിമാരുമായി തന്റെ ജീവിതത്തിൽ നടക്കുന്ന സംഭവങ്ങളെ കുറിച്ചാണ് ഈ നോവൽ. ഒരുപാട് കാത്തിരിപ്പോടെയും, മോഹങ്ങളോടെയും, സഫലമാവാത്ത സ്വപ്നങ്ങളെയും ബാക്കി വച്ചു കൊണ്ട് നോവൽ അവസാനിക്കുന്നു.എല്ലാ ചേരുവകളും ചേർത്തെഴുതിയ ഈ രചന അനവധി ട്വിസ്റ്റുകൾ നിറഞ്ഞതാണ്.

by A .S. vagda

8A

# തിളക്കമുള്ള നക്ഷത്രങ്ങൾ

സൂര്യൻ അസ്തമിക്കാറായി.എന്നത്തേയും പോലെ ഇന്നും കാത്തിരിപ്പാണ്. എത്രയായി തന്റെ അമ്മയെ കണ്ടിട്ട്.ആരോരുമില്ലാത്ത കുട്ടിയാണെന്ന് പറയാൻ പറ്റില്ല. അവളുടെ കൂടെ അമ്മ ഇപ്പോഴുമുണ്ട്. താൻ ജനിച്ചപ്പോൾ തന്നെ കാണുന്നത് അച്ഛനും അമ്മയും തമ്മിലുള്ള കലഹമാണ്.എന്നും അച്ഛൻ ജോലിക്ക് പോകും അച്ഛന്റേത് ചെറിയ ജോലിയാണ്. ആ ജോലി ചെയ്തു കിട്ടുന്ന പൈസയ്ക്ക് കള്ളു കുടിച്ചു തന്നെ അമ്മയെ ഉപദ്രവിക്കും. അച്ഛന്റെ കള്ളുകുടി കാരണം അവരെന്നും പട്ടിണിയാണ്. അവൾ പഠിച്ചു വലിയ ജോലി നേടി തന്നെ നന്നായി നോക്കുമെന്ന് ആത്മവിശ്വാസം ഉണ്ടായിരുന്നു. എന്നാൽ അവൾക്ക് തന്നെ വീട്ടിലെ അവസ്ഥ കണ്ട് വളർന്നതുകൊണ്ട് സ്കൂളുകളിൽ പോവാനും പഠിക്കാനും മാത്രമേ കഴിഞ്ഞുള്ളു. അവളുടെ കൂടെ പഠിക്കുന്ന കുട്ടി വിവിധതരം വർണ്ണങ്ങൾ ഉള്ള വസ്ത്രങ്ങൾ ധരിക്കുമ്പോൾ അവൾ അവരെ ആശ്ചര്യത്തോടെ നോക്കി നിൽക്കാറായിരുന്നു. തനിക്കും അങ്ങനെയുള്ള വസ്ത്രം ധരിക്കാൻ ഒരുപാട് ആഗ്രഹമുണ്ടായിരുന്നു

അമ്മ ജോലിക്ക് പോകുന്ന വീട്ടിൽ അവൾ ജോലിക്ക് പോകാൻ തുടങ്ങി. രാവിലെ വീട്ടിൽ നിന്നിറങ്ങി ജോലിക്ക് പോയി. അവിടെയുള്ള ജോലി മുഴുവൻ ചെയ്ത് അവൾ പഠിക്കാൻ പോകും എന്നിട്ട് സ്കൂൾ വിട്ടു അമ്മയുടെ അടുത്ത് ഓടിയെത്തും പിന്നെ അമ്മയ്ക്ക് കഴിക്കാൻ എന്തേലും കൊടുത്ത് അമ്മയോട് കഥയും പറഞ്ഞിരിക്കും. അങ്ങനെ രാത്രി ചെറിയ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലിരുന്ന് പഠിച്ച് നേരത്തെ തന്നെ കിടക്കും. അങ്ങനെ ഒരു ദിവസം വൈകുന്നേരം അവൾ അമ്മയുടെ അടുത്തേക്ക് ഓടിയെത്തി അമ്മേ എന്ന് വിളിച്ചു അമ്മയ്ക്ക് അനക്കം ഒന്നുമില്ല മെല്ലെ അവൾക്ക് ഭൂമി പിളർന്നു പോകുന്ന പോലെ തോന്നി. അങ്ങനെ അവൾ അവളുടെ സ്വന്തം എന്ന് പറയാൻ ആകെയുള്ള ഒരാൾ അവളുടെ അമ്മയായിരുന്നു ആ അമ്മയും അവളെ വിട്ടു ഇനി ഒരിക്കലും തിരിച്ചു വരാൻ പറ്റാത്ത സ്ഥലത്തേക്ക് യാത്ര ചെയ്യുകയാണ്. തന്റെ അമ്മ പോയതോടെ അവൾ ഒറ്റയ്ക്കായി. തന്റെ അച്ഛൻ വരുമെന്ന് ആത്മവിശ്വാസത്തോടെ അവളുടെ അച്ഛനെ അവൾ കാത്തിരിക്കുകയാണ്. ഇന്നും അവൾ അവളുടെ അമ്മയെ കാണാറുണ്ട് രാത്രികളിൽ വെളിച്ചം പകരാൻ വരുന്നതിൽ നക്ഷത്രങ്ങളിലൂടെ അവളുടെ അമ്മ അവളെ നോക്കാറുണ്ട്.

# മാനത്തെ ചങ്ങാതി

മാനത്ത് നോക്കുമ്പോൾ പുഞ്ചിരിയോടെയെന്നെ

നോക്കി നിൽക്കുന്ന ചങ്ങാതി...

പുഞ്ചിരിയോടെ നാണിച്ചു നിൽക്കുന്ന

ചങ്ങാതിയാണെന്റെ സ്വന്തക്കാരൻ.

അങ്ങ് മേലേ മേഘത്തിനുള്ളിൽ പുഞ്ചിരിയോടെ

ഒളിഞ്ഞു നോക്കുന്ന ചങ്ങാതി...

ആരുമില്ലാനേരം കൂട്ടിനു നീമാത്രം...

നിലാവത്ത് ഞാൻ കണ്ട ചങ്ങാതി

നിൻകൂട്ടിനു നക്ഷത്രമെങ്കിലുമുണ്ട്

എനിക്കു നീയെന്നചങ്ങാതി മാത്രം...

## THE BRIDGE BETWEEN ERAS

In the quiet countryside of 1915, Thomas lived with his family in a modest stone cottage surrounded by lush green fields. Life was simple but fulfilling. The village, a close-knit community, relied on its modest technology for day-to-day life.

The centrepiece of the house was an old wooden radio, crackling with static before delivering news of the wider world. Every evening, the family gathered around it, their faces lit by the flickering glow of a kerosene lamp, as they listened to updates about distant lands they would likely never see.

Thomas's favourite part of the day, however, was waiting for the mail man. The rhythmic clatter of hooves on cobblestones signalled the arrival of letters—precious pieces of paper that connected him to his cousin Robert, who lived in a neighbouring town. Their correspondence was slow but heartfelt, filled with stories of adventures handwritten in perfect cursive. Each letter was an event, bringing joy to a routine life.

One evening, as the family huddled around the fire, Thomas's father shared tales of inventions changing the world. He spoke of electricity illuminating homes in big cities and automobiles replacing horses. To Thomas, it sounded like magic—a far-off dream that might one day reach their humble village.A century later, in the bustling city of 2025, Emma woke up to the gentle buzz of her smartwatch. The light in her room adjusted automatically to mimic the sunrise, creating a warm

As she sipped her morning smoothie, prepared by her AI-powered blender, Emma scrolled through messages from friends all over the world on her smartphone.

Unlike Thomas, Emma didn't have to wait for weeks to hear from loved ones; she could video call her cousin in Japan or exchange memes with her best friend in Australia in an instant. Technology had shrunk the world, making distant connections feel as close as the next room.

Emma's school was virtual, a mix of augmented and virtual reality. That day, she logged into a digital classroom where her avatar interacted with classmates in a 3D-rendered ancient Roman marketplace. They walked through virtual streets, exploring history as if they were living it. Learning had become an immersive experience, far removed from the chalkboards and textbooks her grandparents had once known.

Despite the wonders of her high-tech life, Emma was curious about the past. One weekend, she visited her grandparents, who lived in a quiet suburb. Their home was a treasure trove of nostalgia—a typewriter on the desk, black-and-white photographs on walls, and an old radio in the corner. Her grandfather showed her how the typewriter worked, the satisfying click-clack of keys bringing a smile to her face.

As they sat together, her grandmother told her stories of how they once wrote letters, just like Thomas and his cousin. Emma was fascinated by the thought of waiting for weeks for a reply, a patience she could hardly imagine in her world of instant gratification.

That evening, as Emma sat with her grandparents under the soft glow of a vintage lamp, she realized something profound—technology had changed dramatically over the years, transforming the way people lived, worked, and connected. But at its heart, it served the same purpose: to bring people together.

Whether it was Thomas waiting for the mail man or Emma sharing a digital laugh with a friend halfway across the globe, the essence of connection remained timeless. The tool might evolve, but the human desire to share stories, ideas, and emotions stayed the same.

Emma decided to write a letter to her cousin—a real handwritten letter. She wanted to experience the joy of waiting, the anticipation that Thomas must have felt a hundred years ago.

As she carefully folded the paper and sealed the envelope, she felt a connection—not just to her cousin, but to the generations before her.

The bridge between eras wasn’t just built with wires and codes; it was built with understanding and a timeless need for connection.

# ആടുജീവിതം



ഞാൻ വായിച്ച പുസ്തകങ്ങളിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ച ഒന്നാണ് ബെന്യാമിന്റെ ആടുജീവിതം. പ്രവാസി ജീവിതത്തിൽ നജീബ് എന്ന യുവാവ് അനുഭവിച്ച യഥാർത്ഥ യാതനകളെയാണ് ബെന്യാമിൻ ഈ നോവലിലൂടെ വരച്ചു കാട്ടുന്നത്. ഈ നോവലാണ് ബെന്യാമിൻ എന്ന യുവ എഴുത്തുകാരനെ  പ്രശസ്തമാക്കിയത് നജീബ് എന്ന യുവാവ് അനുഭവിച്ച യഥാർത്ഥ ജീവിത അനുഭവങ്ങളാണ് ഇതിൽ ഉള്ളത് പ്രവാസികൾ അനുഭവിക്കുന്ന തീരാദുഃഖങ്ങളും നാടും വീടും ഉപേക്ഷിച്ച് ആ ആ ചൂട് പൊള്ളുന്ന മരുഭൂമിയിൽ വിയർപ്പൊഴുക്കി അവർക്ക് മിച്ചം വരുന്നതും യാതനകൾ മാത്റമാണെന്നും  നമുക്ക് ഈ നോവലിൽ കാണാൻ കഴിയുന്നു.

നാട്ടിൽ വെറുമൊരു മണൽവാരൽ കൊണ്ട് ജീവിച്ചിരുന്ന നജീബ് ജീവിതത്തിലെ ബുദ്ധിമുട്ടുകൾ അറിയാൻ തുടങ്ങിയപ്പോൾ ഗൾഫിലേക്ക് യാത്ര തിരിച്ചതാണ്. ഒരുപാട് സ്വപ്നങ്ങളോട് ആയിരുന്നു യാത്ര തിരിക്കുമ്പോൾ അവനോടൊപ്പം ഉണ്ടായിരുന്നത് ഹക്കിം എന്ന കൗമാര പ്രായക്കാരനായിരുന്നു. അങ്ങനെ അവർ വീടും നാടും ഉപേക്ഷിച്ച് ഗൾഫ് എന്ന സ്വപ്ന ഭൂമിയിലേക്കാണ്. അങ്ങനെ അവർ രണ്ടുപേരും ഗൾഫ് എയർപോർട്ടിൽ വന്നിറങ്ങി. അവരെ കൂട്ടാൻ വേണ്ടി വാഹനം കൊണ്ടുവന്ന അവരെ കൂട്ടിക്കൊണ്ട് പോയി. അപ്പോൾ അൽബാബിനോട് ബഹുമാനമായിരുന്നു നജീബിനും ഹക്കീമിനും തോന്നിയത്.  തുരുമ്പുപിടിച്ച ഒരു വാഹനത്തിൽ കയറ്റി കൊണ്ടുപോവുകയും അപ്പോഴൊക്കെ മനസ്സിൽ വലിയ പ്രതീക്ഷയായിരുന്നു. അവരെ കൊണ്ടുപോയിരുന്നതിന് ഒരു മരുഭൂമിയിലേക്ക് ആയിരുന്നു ആ മരുഭൂമിയിലെ ജീവിതം മനസ്സിൽ കരുതിയത് പോലെയല്ല. നിറയെ കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ട് അവർ അവിടെ കഴിഞ്ഞു കൂടി. അവർ നാട്ടിലെത്തിയപ്പോൾ ലോകമഹായുദ്ധത്തിലെ എതിരാളികളെ എല്ലാം തോൽപ്പിച്ച ഒരു ധീരയോദ്ധാവിനെ പോലെയായിരുന്നു അവനെ അവർ സ്വീകരിച്ചത്.

# SHE

We all need a soul to rely on
And a shoulder to cry
Who stays with your highs and lows
and always be there for you
no matter what,
she is gem for me.
My soul is happy, my smile is real
my heart is fulfilled, whenever
I am with her.
She holds my hands
whenever I'm down,her warmth hands...
Our friendship is fetched with pure love,
care,happiness etc.....
whenever wherever,we are meant to be together
I'll be there and you be near
and let's make
astonishing memories
together.

**VYDEHI 8B**

# In to the teen

i got curious and entered in to a little
woman"s mind,as entering in to a garden.
i saw waterfalls of wishes
tossing and turning oceans of dreams.

I jumped not just in to her soul
But in to the depth of an ocean full of
affection and hatred.
Day and night ran with the speed of
lightning.
Colour of her sky changed colour day by day.

I saw a tree of problems ,i tried to pluck
the fruits on it.
but it was pretty hard to reach.
later it ripened,ripened as blood and fell
by it'sown.

I followed the light i saw,it took me to
a big window,i peered in to it and saw a
bright future covered with the golden and
bloomed simultaneously.
caterpillars turned in to butterflies every
moment.
evils made black holes and waited for their innocent feast.

**RITHI LAKSHMI**

**10 C**

# THANKS



# GHSS KALLACHI